**ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

100 (101) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് നടത്തുന്ന വി.ഇ.4/2011/എസ്.ഡി.റ്റി. വിഇ.20/2011/എസ്.ഐ.യു.11 എന്നീ നമ്പരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി. എ. അരുൺകുമാറിനെതിരെ അതീവ ഗുരുതരമായ പതിമൂന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന് രേഖാമൂലം പരാതി നൽകിയെങ്കിലും വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാത്തതിനെ തുടർന്ന് 16-6-2011-ൽ ജി.ഒ.(എംഎസ്.)19/2011/വിജി. നമ്പർ പ്രകാരം ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ പരാതിക്കാരനായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേസുകൾ അന്വേഷണത്തിലായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ ആകില്ല.

LIBRARY ARCHIVES Kerala Legislative Assembly